പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1126 — 30.01.2018-ൽ മറുപടിക്ക്

## ഈസ്റ്റ് ഒറ്റപ്പാലം, കണ്ണിയംപുറം എന്നീ പാലങ്ങളുടെ പുനർനിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി. ഉണ്ണി : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കണ്ണിയംപുറം , ഈസ്റ്റ് ഒറ്റപ്പാലം എന്നീ പാലങ്ങൾ നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഈസ്റ്റ് ഒറ്റപ്പാലം, കണ്ണിയംപുറം എന്നീ പാലങ്ങളുടെ നിർമ്മാണത്തിനായി ബഡ്ജറ്റ് സ്പീച്ച് 2016-17-ൽ (സീരിയൽ നം. 67) കിഫ്ബിയിൽ ഉൾപ്പെടുത്തി 25 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി 31.10.2016-ലെ G.O(Rt)No. 1496/2016/PWD പ്രകാരം നൽകിയിട്ടുണ്ട്. |
| (ബി). എന്നാണ് ഫണ്ട് അനുവദിച്ചത്;എത്ര തുക അനുവദിച്ചു വ്യക്തമാക്കുമോ; | (ബി). 31.10.2016-ലെ G.O(Rt)No. 1496/2016/PWD പ്രകാരം തത്വത്തിൽ 25 കോടി അനുവദിച്ചു. |
| (സി). പ്രസ്തുത പാലങ്ങൾ പുനർ നിർമ്മിക്കുവാൻ എന്നാണ് ഭരണാനുമതി നൽകിയത്; വ്യക്തമാക്കുമോ; | (സി) പുനർ നിർമ്മിക്കുവാൻ ഭരണാനുമതി നൽകിയിട്ടില്ല. |
| (ഡി). ഭരണാനുമതി നൽകി ഏറെക്കാലമായിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ; | (ഡി) ഈ പാലങ്ങളുടെ നിർമ്മാണത്തിനായി ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡിസൈൻ പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ തയ്യാറാക്കി വരുന്നു. ഡിസൈൻ ലഭിച്ചാൽ മാത്രമേ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിൽ നിന്നും ഫണ്ട് അനുവദിക്കുന്നതിനായി സമർപ്പിക്കുവാൻ കഴിയുകയുള്ളൂ. തുടർന്ന് കിഫ്ബിയിൽ നിന്നും സാങ്കേതികാനുമതി ലഭിക്കുന്ന . മുറയ്ക്ക് മാത്രമേ പ്രവൃത്തികൾ തുടങ്ങുവാൻ കഴിയുകയുള്ളൂ. കൂടാതെ നിർമ്മാണം തുടങ്ങുന്നതിനു മുൻപായി പ്രദേശത്തെ അനധികൃത കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കേണ്ടതുണ്ട്. |

| | |
|---|---|
| (ഇ) പ്രസ്തുത പാലങ്ങൾ നിർമ്മിക്കുന്നതിന് പ്രത്യേകം പ്രത്യേകം ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുമോ; | (ഇ). പ്രസ്തുത പാലങ്ങൾ നിർമ്മിക്കുവാൻ പ്രത്യേകം പ്രത്യേകം ഭരണാനുമതികൾ ആവശ്യമെങ്കിൽ പ്രോപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പരിശോധിക്കുവാൻ കഴിയുകയുള്ളൂ. ഈ പാലങ്ങൾക്ക് ബഡ്ജറ്റ് 2017-18-ൽ ടോക്കൺ പ്രൊവിഷൻ ഉള്ളതാണ്. |
| (എഫ്) കണ്ണിയംപുറം പാലം നിർമ്മിക്കുന്നതിനായുള്ള 4.30 കോടി രൂപയുടെ എസ്റ്റിമേറ്റ് (price ID 2017 /10501) സർക്കാരിൽ ലഭ്യമാണോ; | (എഫ്) & (ജി) കണ്ണിയംപുറം പാലം നിർമ്മാണത്തിനായി 4.30 കോടി രൂപയുടെ എസ്റ്റിമേറ്റ് 12.01.2018-ൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് ഇപ്പോൾ ധനകാര്യവകുപ്പിൽ പരിശോധനയിലാണ്. |
| (ജി) പ്രസ്തുത എസ്റ്റിമേറ്റ് എന്നാണ് ലഭിച്ചത്; വിശദാംശം ലഭ്യമാക്കാമോ? | |

സെക്ഷൻ ഓഫീസർ